# കർഷകന്റെ നെഞ്ചുരുകുന്നു

Mathrubhumi 7-08-18, P-03

**ഓണമാണ് കർഷകന്റെ പ്രതീക്ഷകൾ പൂക്കുന്ന ഒരു കാലം. നട്ടുനനച്ചുണ്ടാക്കിയത് നാണയമായി തിരിച്ചു കിട്ടുമ്പോഴുണ്ടാകുന്ന ആനന്ദം കഴിഞ്ഞ ഓണത്തിന് അനുഭവിച്ചറിഞ്ഞവർക്ക് ഇക്കുറി അത് അളവിൽ കുറയും. വലിയ വെള്ളപ്പൊക്കം പലയിടത്തെയും കൃഷിയെ തകർത്തെറിഞ്ഞു. ജില്ലയിലെ പ്രധാന ഇടങ്ങളിൽ കർഷകർ നേരിടുന്ന ദുഃസ്ഥിതികളിലൂടെ ഒരു യാത്ര...**

## ഇരിങ്ങാലക്കുടയിൽ ഒരുകോടിയുടെ നഷ്ടം



വെള്ളം കയറി നശിച്ച തന്റെ നേന്ത്രവാഴത്തോട്ടത്തിൽ കെ.സി. ജെയിംസ്

**കരുവന്നൂർ ▸** ഇത്തവണത്തെ ശക്തമായ കാലവർഷത്തിൽ ഇരിങ്ങാലക്കുട മേഖലയിലെ നേന്ത്രവാഴകൃഷിക്ക് ഒരുകോടിയോളം രൂപയുടെ നഷ്ടമുണ്ട്. കഴിഞ്ഞ വർഷം രണ്ടുകോടിയോളം രൂപയുടെ വിൽപ്പന നടത്തിയ കരുവന്നൂർ വെജിറ്റബിൾ ആൻഡ് ഫുഡ് പ്രൊമോഷൻ കൗൺസിലിന് ഇക്കുറി ഒരുകോടിതന്നെ കിട്ടുമോയെന്ന ആശങ്കയിലാണ്.

ഓണവിപണി ലക്ഷ്യമാക്കി നേന്ത്രവാഴ കൃഷിചെയ്തിരുന്നതിൽ ഭൂരിഭാഗവും വെള്ളം കയറി നശിച്ചതിനാൽ വിളവെടുക്കാൻ കഴിയാത്ത അവസ്ഥയിലാണ് കർഷകർ. കരുവന്നൂർ വെജിറ്റബിൾ ആൻഡ് ഫുഡ് പ്രൊമോഷൻ കൗൺസിലിന് കീഴിൽ വരുന്ന 325 കർഷകരുടെ നാല്പതിനായിരത്തോളം വാഴകളിൽ 25,000-ൽ ഏറെ വെള്ളം കയറി നശിച്ചു. മൂപ്പെത്താതെ നിൽക്കുന്ന നേന്ത്രക്കായ, കറിക്കുപോലും ഉപയോഗിക്കാനാകാത്ത സ്ഥിതിവിശേഷമാണെന്ന് കർഷകർ പറഞ്ഞു. മേയ് മുതൽ ഓഗസ്റ്റ്-സെപ്റ്റംബർ വരെയാണ് ഇതിന്റെ സീസൺ. കഴിഞ്ഞ വർഷം ഈ സമയം ഒരുകോടിയിലേറെ രൂപ ലഭിച്ചിരുന്ന സ്ഥാനത്ത് ഇക്കുറി 60 ലക്ഷം പോലും ലഭിച്ചിട്ടില്ല.

ഓണക്കാലത്ത് ഒരു ചന്തയിൽത്തന്നെ പത്തുലക്ഷത്തോളം വരുമാനം ലഭിക്കുന്ന കൗൺസിലിന് ഇക്കുറി പകുതിപോലും കിട്ടുമോയെന്ന ആശങ്കയുണ്ടെന്ന് കർഷകനും ഫുഡ് പ്രൊമോഷൻ കൗൺസിൽ വൈസ് പ്രസിഡന്റുമായ കെ.സി. ജെയിംസ് പറഞ്ഞു. ജെയിംസ് അടക്കം കരുവന്നൂർ, പഴയ പൊറത്തിശ്ശേരി മേഖലയിൽപ്പെട്ട മാടായിക്കോണം, കാറളം പഞ്ചായത്ത്, തൊട്ടിപ്പാൾ, വല്ലച്ചിറ പഞ്ചായത്ത് എന്നിവിടങ്ങളിലെ 325 കർഷകരാണ് വെജിറ്റബിൾ ആൻഡ് ഫുഡ് പ്രൊമോഷൻ കൗൺസിലിന് കീഴിൽ കൃഷിചെയ്യുന്നത്.

വേനൽമഴ ലഭിച്ചിരുന്നെങ്കിൽ നല്ലവിള ലഭിക്കുമായിരുന്നെന്ന് കർഷകർ പറഞ്ഞു. നേരത്തേ എത്തിയ കാലവർഷത്തിന്റെ ആദ്യത്തെ കാറ്റിലും മഴയിലുംപെട്ട് പലയിടത്തും കുലച്ച വാഴകൾ ഒടിഞ്ഞുവീണു. പിന്നാലെ വെള്ളപ്പൊക്കം കൂടി വന്നതോടെ വാഴകൃഷിയുടെ നാശം പൂർണമായി. കൃഷിയിടങ്ങളിൽ പലയിടത്തും ഒരാൾ ഉയരത്തിൽ 20 ദിവസത്തോളമാണ് വെള്ളം കെട്ടിനിന്നത്.

## മരോട്ടിച്ചാലിൽ നേന്ത്രക്കായ വിളവ് ഇക്കൊല്ലം പകുതി മാത്രം

**ഒല്ലൂർ ▸** മലയോരകർഷകർക്ക് ഈയാണ്ടിലെ ഓണം വറുതിയുടേതാകും. ഓണവിപണി ലക്ഷ്യമിട്ട് കൃഷിയിറക്കിയ വിളവുകൾക്ക് നാശം നേരിട്ടതാണ് കാരണം. ജില്ലയുടെ കിഴക്കൻ മലയോരത്തെ പ്രധാന കായവിപണിയുള്ളത് മരോട്ടിച്ചാലിലാണ്.

പുത്തൂർ പഞ്ചായത്തിലെ മാന്ദാമംഗലം, ചെമ്പംകണ്ടം, ഭരത, വെട്ടുകാട്, കൊളാംകുണ്ട്, ചെന്നായ്പാറ തുടങ്ങിയ മലയോരമേഖലകളിലാണ് നേന്ത്രവാഴകൃഷി വ്യാപകമായുള്ളത്. മരോട്ടിച്ചാലിലെ വി.എഫ്.പി.സി.കെ.യുടെ കീഴിലെ സ്വാശ്രയ കർഷക സമിതിയാണ് വിപണനകേന്ദ്രം നടത്തുന്നത്. കഴിഞ്ഞ ഓണക്കാലത്ത് ഏകദേശം മൂന്നുകോടി രൂപയുടെ കായ മാത്രം വിറ്റഴിച്ചു. ഓണനാളുകളിൽ കിലോഗ്രാമിന് 72 രൂപ വരെ ലഭിച്ച ദിവസങ്ങളുണ്ടായി. ഇത്തവണ വിലയില്ലാത്തതല്ല കാരണം. ആവശ്യത്തിന് കായ എത്തുന്നില്ല. മൂന്നുമാസത്തോളം തോരാതെ തുടർച്ചയായി പെയ്ത മഴയിൽ വാഴകൾ നശിച്ചു. കടഭാഗം ചീയൽബാധിച്ചും ഒടിഞ്ഞുവീണുമാണ് നാശം ഉണ്ടായത്. മഞ്ഞളിപ്പുരോഗം പിണ്ടിയെയും ഇലകളെയും ബാധിച്ചതും ക് ഇരുട്ടടിയായി. മിക്കവരും പാട്ടസ്ഥലത്താണ് കൃഷിയിറക്കിയത്.

കഴിഞ്ഞ വർഷത്തെ നേട്ടം കണ്ട് ഇത്തവണ കൂടുതൽ പേർ കൃഷിചെയ്തു. മുമ്പ് 15 കിലോഗ്രാം തൂക്കം വരെയുള്ള കുലകൾ എത്തിയിരുന്നിടത്ത് തൂക്കം പത്തുകിലോയിൽ താഴെ മാത്രം. പടലകളുടെ എണ്ണവും കുറഞ്ഞു. കായകൾക്ക് തീരെ തൊടവുമില്ല. കഴിഞ്ഞവർഷം നടന്നതിന്റെ പകുതി കച്ചവടംപോലും ഇത്തവണയുണ്ടാകില്ലെന്ന് കർഷകരും വിശ്വസിക്കുന്നു. ജില്ലയിലെ പല സഹകരണ ചന്തകളിലേക്കും കായകയറ്റിപ്പോയിരുന്നത് ഇവിടെ നിന്നായിരുന്നെന്ന് സമിതി പ്രസിഡന്റ് വർഗീസ് നെടുവാൻ കുഴിയിൽ പറയുന്നു.

കിടങ്ങൻ ദേവസിക്കുട്ടി, പൗലോസ് മോളത്ത്, ബേബി പാറക്കൽ, ജോർജ് പന്തപ്പിള്ളി തുടങ്ങി നിരവധി കർഷകരുടെ ആയിരക്കണക്കിനു വാഴകളാണ് വെള്ളക്കെട്ടിൽ മുങ്ങി നശിച്ചത്.

ഇപ്പോൾ വിളവെടുത്തുകൊണ്ടുവരുന്ന കായക്ക് തൂക്കക്കുറവ് കാരണം കറിക്കായയുടെ വിലയേ ലഭിക്കുന്നുള്ളൂ. കൈനൂർ ഏഴാലിച്ചിറയിൽ ഒരാഴ്ച ബണ്ട് പൊട്ടിയതുമൂലവും വാഴകൾ വെള്ളത്തിലായി.

## തൊട്ടിപ്പാളിൽ ഒറ്റദിവസം ഇല്ലാതായത് 4000 വാഴകൾ



മഴയിൽ നശിച്ച തൊട്ടിപ്പാളിലെ വാഴത്തോട്ടം

**പറപ്പൂക്കര ▸** തൊട്ടിപ്പാൾ, നെടുമ്പാൾ പ്രദേശങ്ങളിൽ ഒരു ദിവസം കാറ്റിൽ ഒടിഞ്ഞുവീണത് 4000 വാഴകൾ. ജാതി, മരച്ചീനി, തെങ്ങ്, കവുങ്ങ് തുടങ്ങിയവയും നശിച്ച വിളകളിൽപ്പെടും. തൊട്ടിപ്പാൾ പുതുപ്പുള്ളി മാധവൻ, അക്കരക്കാരൻ ജോസ്, മലയാറ്റിൽ ശശി, പുതുപ്പുള്ളി കുഞ്ഞിനാരായണൻ, അജിത് വിളക്കത്തറ, ശേഖരൻ കളങ്ങോലി, ഓമന വിജയൻ, പ്ലാക്കൽ ബാലകൃഷ്ണൻ എന്നിവരുടെ വിളവെടുപ്പിന് പാകമായ വാഴകളാണ് നശിച്ചത്.

പുതുപ്പുള്ളി മാധവന്റെ 600 വാഴകളും പാവൽ, പയർ തുടങ്ങിയ പച്ചക്കറികളും മഴയിൽ നശിച്ചു.

ലക്ഷങ്ങളുടെ നഷ്ടമാണ് ഉണ്ടായത്. കഴിഞ്ഞവർഷം രണ്ടരലക്ഷം രൂപയുടെ വരുമാനമുണ്ടായ വാഴകൃഷിയിൽനിന്ന് ഇത്തവണ ഒരു കുല പോലും ലഭിച്ചില്ലെന്ന് മാധവൻ പറയുന്നു. സ്റ്റേറ്റ് ബാങ്കിൽനിന്ന് ലോണെടുത്ത് കൃഷിയിറക്കിയ മാധവൻ ഇനി എന്തുചെയ്യണമെന്നറിയാത്ത നിലയിലാണ്.

നെടുമ്പാൾ പാടത്ത് വെള്ളുത്തങ്ങത്ത് ശങ്കരൻകുട്ടി, മോഹനൻ എന്നിവർ ഓണവിപണി കണക്കാക്കി ചെയ്ത വാഴകൃഷി പൂർണമായും നഷ്ടപ്പെട്ടു. ശങ്കരൻകുട്ടിയുടെ 500 വാഴകളും മോഹനന്റെ 200 വാഴകളും കാറ്റിൽ ഒടിഞ്ഞുനശിച്ചു. ഇവരുടെ ജാതിയും നെൽകൃഷിയും തെങ്ങും കവുങ്ങും മഴയിൽ നശിച്ചതിൽപ്പെടുന്നു. രണ്ടുലക്ഷം രൂപയിലേറെ കഴിഞ്ഞ ഓണവിപണിയിൽനിന്ന് വരുമാനമുണ്ടാക്കിയ കർഷകരാണ് ഇത്തവണ കനത്ത മഴക്കെടുതിയിൽ ചക്രശ്വാസം വലിക്കുന്നത്.

## ചാലക്കുടിയിൽ നശിച്ചത് 7000 നേന്ത്രവാഴകൾ

### മേലൂരിൽ രണ്ടരലക്ഷം കിലോഗ്രാമിന്റെ ഉത്പാദനനഷ്ടം

**ചാലക്കുടി ▸** ചാലക്കുടി, മേലൂർ, പരിയാരം മേഖലകളിലായി കാലവർഷത്തിൽ വെള്ളം കയറി നശിച്ചത് 7000 നേന്ത്രവാഴകൾ. ഓണസീസണിൽ ഏഴുലക്ഷം കിലോ നേന്ത്രക്കായയാണ് ഇതുമൂലം വിപണിയിൽ എത്താതെ പോകുന്നത്.

പരിയാരം കൃഷിഭവനു കീഴിലുള്ള പ്രദേശങ്ങളിൽ കൃഷിചെയ്തിരുന്നത് രണ്ടുലക്ഷത്തോളം വാഴകളാണ്. ഇതിൽ 40,000 വാഴകൾ വെള്ളം കയറി നശിച്ചു. ഇതുമൂലം നാലുലക്ഷം കിലോഗ്രാം നേന്ത്രക്കായ അവിടെനിന്ന് ഈ സീസണിൽ കുറയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

മേലൂരിൽ രണ്ടരലക്ഷം കിലോഗ്രാം നേന്ത്രക്കായയുടെ ഉത്പാദനനഷ്ടം ഉണ്ടാകുമെന്നാണ് കണക്ക്. ഇവിടെ നശിച്ചത് 25,000 വാഴകളാണ്. 1.5 ലക്ഷം നേന്ത്രവാഴകളാണ് മേലൂരിൽ കൃഷി ചെയ്തിരുന്നത്. 30,000 നേന്ത്രവാഴകളാണ് കൃഷിവകുപ്പിന്റെ കണക്കെടുപ്പിൽ ചാലക്കുടിയിലുള്ളത്. ഇതിൽ 1200 വാഴ വെള്ളം കയറി നശിച്ചു. മേലൂർ, പരിയാരം, ചാലക്കുടി മേഖലകളിൽനിന്ന് എറണാകുളം, ആലുവ, തൃപ്പൂണിത്തുറ മാർക്കറ്റുകളിലേക്കാണ് നേന്ത്രക്കായകൾ കയറ്റിപ്പോകുന്നത്. കർഷകസമിതി വഴിയാണ് കർഷകർ വിൽപ്പന നടത്തുന്നത്.

### വേണുവിന്റെ ഓണപ്രതീക്ഷകൾ കരിഞ്ഞു

**വടക്കാഞ്ചേരി ▸** ഓരോ ഓണത്തിനും ചെങ്ങാലിക്കോടൻ കുലകൾ അത്താണിയിലെ സഹകരണച്ചന്തയിൽ എത്തിച്ചിരുന്ന പെരിങ്ങണ്ടൂർ കളത്തിൽ വേണുവിനെ ഇത്തവണ ചതിച്ചത് കാറ്റാണ്. മഴയോടൊപ്പം വീശിയ ശക്തമായ കാറ്റിൽ മുന്നൂറിലധികം നേന്ത്രക്കുലകൾ ഒടിഞ്ഞുവീണു. ഓണത്തിന് പൊതിഞ്ഞുകെട്ടി ഊന്നുകൊടുത്ത് നിർത്തിയവയാണ് നിലംപൊത്തിയത്. മൂന്നുലക്ഷം രൂപയുടെ നഷ്ടം നേരിട്ടു. കഴിഞ്ഞ നാലുപതിറ്റാണ്ടായി ഓണവിപണിയിൽ ചെങ്ങാലിക്കോടൻ കുലകളുമായി സജീവസാന്നിധ്യമായിരുന്നു വേണു. മെഡിക്കൽ കോളേജിൽ നഴ്സിങ് അസിസ്റ്റന്റായി വിരമിച്ച വേണു സർവിസിലുണ്ടായിരുന്നപ്പോഴും മികച്ച വാഴകൃഷിക്കാരനായിരുന്നു.

### പച്ചക്കറികൃഷിയുടെ പൊലിമ മങ്ങി

**അന്തിക്കാട് ▸** മഴയെ തുടർന്ന് അന്തിക്കാട് ബ്ലോക്ക് പരിധിയിലെ പച്ചക്കറി കൃഷിയുടെ പൊലിമ മങ്ങി. കഴിഞ്ഞ വർഷത്തേതുപോലെ കൃഷി വ്യാപകമായി ഇറക്കിയിട്ടുമില്ല. കഴിഞ്ഞവർഷം 300 വാഴക്കുല വിറ്റ മനക്കൊടിയിലെ പി.കെ. വിജയന്റെ 300 വാഴകളാണ് വിളവെടുക്കാൻ ഏതാനും ദിവസങ്ങൾ മാത്രം ബാക്കിനിൽക്കെ നശിച്ചത്. കാറ്റിൽ കടപുഴകിയും വെള്ളം കയറി വേർ കുതിർന്നുവീണുമാണ് നശിച്ചത്.

ബ്ലോക്ക് പരിധിയിലെ അന്തിക്കാട്, താന്ന്യം പഞ്ചായത്തുകളിലായി കഴിഞ്ഞ വർഷം പത്ത് ലക്ഷത്തിലധികം രൂപയുടെ പച്ചക്കറിയാണ് വിപണിയിലെത്തിയത്.